October 2024
Follow us on
arogyakeralam.gov.in

# ആരോഗ്യ കേരളം

arogyakeralam newsletter

# കേരളത്തെ ആധുനിക ഹെൽത്ത് കെയർ ഹബ്ബാക്കി മാറ്റും: മുഖ്യമന്ത്രി

**കുറഞ്ഞ ക്ഷയരോഗ മരണ നിരക്ക് കൈവരിച്ചതിൽ കേരളം ലോകത്തിന് മാതൃക ◆ ആഗോള ടിബി നിവാരണ മാർഗങ്ങൾ കേരളത്തിലേക്ക് ◆ സെമിനാറും ഡോക്യുമെന്റ് പ്രകാശനവും**




**കേരളത്തിൽ ഒരു ലക്ഷത്തിൽ 7 ഉം ഇന്ത്യയിൽ 34 ഉം ലോകത്ത് 18 ഉം ആളുകളാണ് ക്ഷയരോഗം മൂലം മരണപ്പെടുന്നത്**



തിരുവനന്തപുരം: കേരളത്തെ ആധുനിക ഹെൽത്ത് കെയർ ഹബ്ബാക്കി മാറ്റുകയെന്നതാണ് ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഗവേഷണത്തിന്റെയും വികസനത്തിന്റെയും പാതയിൽ ഫലപ്രദമായ മാർഗനിർദേശങ്ങൾ നൽകാൻ ലോകാരോഗ്യ സംഘടനയ്ക്ക് കഴിയുമെന്നുറപ്പുണ്ട്. അതിലൂടെ ആരോഗ്യ രംഗത്തെ കേരള മോഡൽ ലോകത്തിന് കൂടുതൽ സംഭാവനകൾ നൽകാനാകും. നിപ, കോവിഡ്–19 തുടങ്ങിയവയെ പ്രതിരോധിക്കുന്നതിൽ കേരളത്തിന് ലോകാരോഗ്യ സംഘടനയുടെ സാങ്കേതിക സഹായം ലഭിച്ചു എന്നത് ശ്രദ്ധേയമാണ്. പ്രളയാനന്തര പകർച്ചവ്യാധികൾ, ജീവിതശൈലീ രോഗങ്ങൾ, ക്ഷയരോഗം എന്നിവയുടെ പ്രതിരോധത്തിലും ലോകാരോഗ്യ സംഘടനയുടെ മാർഗനിർദേശം ലഭിക്കുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

കേരളത്തിലെ ക്ഷയരോഗ ചികിത്സയുടെ നാൾവഴികൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള 'A Path to Wellness Keralas Battle against TB'– ഡോക്യുമെന്റ് പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. സംസ്ഥാനത്ത് ക്ഷയരോഗ നിവാരണത്തിനുള്ള ആക്ഷൻ പ്ലാനിന്റെ രണ്ടാം ഭാഗം (State Strategic Action Plan for TB Elimination 2.0) എന്ന നയരേഖ പുറത്തിറക്കുന്നതിന് മുന്നോടിയായുള്ള ലഘുലേഖയും മുഖ്യമന്ത്രി പ്രകാശനം ചെയ്തു.

ക്ഷയരോഗത്തെക്കുറിച്ചുള്ള ചർച്ചകൾ പൊതുസമൂഹത്തിൽ ഇപ്പോൾ അധികം ഉണ്ടാകാറില്ല. കാരണം, പൊതുവേ നിർമ്മാർജ്ജനം ചെയ്യപ്പെട്ട ഒരു രോഗമായാണ് അതിനെ നാം കണക്കാക്കുന്നത്. എന്നാൽ ലോകത്താകെയുള്ള കണക്കുകൾ പരിശോധിച്ചാൽ അതല്ല സ്ഥിതി എന്നു മനസിലാക്കാൻ സാധിക്കും. ഇന്നും ലോകത്ത് ഏറ്റവുമധികം ആളുകളുടെ മരണത്തിനു കാരണമാകുന്ന പകർച്ചവ്യാധിയാണ് ക്ഷയരോഗം. എന്നാൽ ക്ഷയരോഗ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ ഇടപെടലുകൾ നടത്താൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ആറ് വർഷത്തെ പ്രവർത്തനം കൊണ്ടു തന്നെ സംസ്ഥാനത്തെ ക്ഷയരോഗ വ്യാപനം 40 ശതമാനം കുറയ്ക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്.

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് നടത്തിയ ദേശീയ ക്ഷയരോഗ സർവേയിൽ രാജ്യത്ത് ക്ഷയരോഗ വ്യാപനം ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കേരളത്തിൽ ഓരോ ഒരു ലക്ഷം പേരിലും 70 പേരെയാണ് ക്ഷയരോഗം ബാധിക്കുന്നത്. നമ്മുടെ രാജ്യത്താകെ ഒരു ലക്ഷത്തിൽ 199ഉം ലോകത്താകെ ഒരു ലക്ഷത്തിൽ 133 ഉം ആളുകളെയാണ് ക്ഷയരോഗം ബാധിക്കുന്നത്. കേരളത്തിൽ ഒരു ലക്ഷത്തിൽ 7ഉം ഇന്ത്യയിൽ 34ഉം ലോകത്ത് 18 ഉം ആളുകളാണ് ക്ഷയരോഗം മൂലം മരണപ്പെടുന്നത്. കുറഞ്ഞ ശിശുമരണ നിരക്കിലെന്ന പോലെ കുറഞ്ഞ ക്ഷയരോഗ മരണ നിരക്കിലും നമ്മൾ ലോകത്തിനു മാതൃകയാവുന്നു.

കേരളത്തിലെ 99 ശതമാനം ജനങ്ങളേയും ക്ഷയരോഗ നിർമ്മാർജ്ജനത്തെക്കുറിച്ച് ബോധവത്ക്കരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന കഴിഞ്ഞിട്ടുണ്ട്. 83 ശതമാനം ഗ്രാമ പഞ്ചായത്തുകളിലും പഞ്ചായത്ത് തലത്തിലുള്ള ടിബി എലിമിനേഷൻ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഫലമായി 2023 കേന്ദ്ര സർക്കാർ കേരളത്തിലെ 60 പഞ്ചായത്തുകളെ ക്ഷയരോഗ മുക്തമായി പ്രഖ്യാപിച്ചിരുന്നു. ഇനിയും ഇക്കാര്യത്തിൽ വലിയ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ശേഷിക്കുന്ന പഞ്ചായത്തുകളിൽ ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിനും കൂടുതൽ പഞ്ചായത്തുകളെ ക്ഷയരോഗ വിമുക്തമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണം.

ക്ഷയരോഗികൾക്ക് ആവശ്യമായ പോഷകാഹാരം ലഭ്യമാക്കൽ, മതിയായ ചികിത്സ ഉറപ്പാക്കുന്നതിനുള്ള കൂട്ടായ്മകൾ രൂപീകരിക്കൽ, സ്വകാര്യ മേഖലയിലെ ക്ഷയരോഗ നിർമ്മാർജ്ജന സംവിധാനം (സ്റ്റെപ്സ്) നടപ്പിലാക്കൽ എന്നിവയ്ക്കു പുറമെ, ക്ഷയരോഗ സാധ്യതാ നിർണ്ണയം അടക്കമുള്ള പദ്ധതികളും നടപ്പാക്കി വരുന്നുണ്ട്. 2024 ജനീവയിലെ സ്റ്റോപ്പ് ടിബി പാർട്ണർഷിപ്പിന്റെ നേതൃത്വത്തിൽ 12 രാജ്യങ്ങളിലെ മെഡിക്കൽ അസോസിയേഷനുകളുടെ നേതാക്കൾ കേരളത്തിലെ സ്റ്റെപ്സ് പ്രോഗ്രാം അവലോകനം ചെയ്തിരുന്നു. കാര്യക്ഷമമായ ക്ഷയരോഗ പരിചരണം ഉറപ്പാക്കുന്നതിനുള്ള കേരളത്തിന്റെ നടപടികൾ ഫലപ്രദമാണെന്നും അതേ മാതൃകയിൽ മറ്റു രാജ്യങ്ങളിൽ അവ നടപ്പാക്കണമെന്നും അവർ തീരുമാനിച്ചു. അഭിമാനകരമായ നേട്ടമാണിതെന്നും മുഖ്യമന്ത്രി പറഞ്ഞു.

## ടിബി നിർമ്മാർജനത്തിൽ ലോകാരോഗ്യ സംഘടന നൽകുന്ന പിന്തുണ വലുത്: മന്ത്രി വീണാ ജോർജ്

ടിബി നിർമ്മാർജനത്തിൽ ലോകാരോഗ്യ സംഘടന നൽകുന്ന പിന്തുണ വളരെ വലുതാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ആരോഗ്യ രംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങളാണ് കേരളം നടത്തുന്നത്. പരമാവധി ആളുകൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കാനായി. ആന്റിബയോട്ടിക്കുകളുടെ അമിതമായ ഉപയോഗം തടയാൻ രാജ്യത്താദ്യമായി എ.എം.ആർ ആക്ഷൻ പ്ലാൻ രൂപീകരിച്ചു. കേരളത്തിലെ സാമൂഹികാധിഷ്ഠിത പാലിയേറ്റീവ് കെയർ പരിപാടി എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റി. കാസ്പ് പദ്ധതി വഴി 42 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കി.

രാജ്യത്ത് ഏറ്റവും കുറവ് ടിബി റിപ്പോർട്ട് ചെയ്ത സംസ്ഥാനമാണ് കേരളം. 2015–നെ അപേക്ഷിച്ച് ക്ഷയരോഗ ബാധിതരുടെ എണ്ണത്തിൽ 40 ശതമാനത്തിലധികം കുറവുണ്ടായി. ഇതിലൂടെ 2022–ൽ ദേശീയ തലത്തിൽ സിൽവർ മെഡൽ ലഭിക്കുകയും ചെയ്തു. സ്വകാര്യ മേഖലയിൽ ദേശീയ ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾ ഏറ്റവും മികച്ച രീതിയിൽ ഏകോപിപ്പിച്ചതിനും പുരസ്കാരം ലഭിച്ചിരുന്നതായും മന്ത്രി പറഞ്ഞു.

ലോകാരോഗ്യ സംഘടനയുടെ ഇന്ത്യാ പ്രതിനിധി ഡോ. റോഡ്റികോ എച്ച് ഓഫ്രിൻ, ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. തോമസ് മാത്യു എന്നിവർ പങ്കെടുത്തു.

**ആരോഗ്യ രംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങളാണ് കേരളം നടത്തുന്നത്.**



# 12 ആശുപത്രികൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം

### ആകെ 187 ആശുപത്രികൾക്ക് എൻ.ക്യു.എ.എസ് ◆ 12 ആശുപത്രികൾക്ക് ലക്ഷ്യ സർട്ടിഫിക്കേഷൻ


95.83% സ്കോർ നേടിയ വാഴക്കാട് കുടുംബാരോഗ്യ കേന്ദ്രം, മലപ്പുറം

> സംസ്ഥാനത്തെ 187 ആശുപത്രികൾ എൻ.ക്യു.എ.എസ്. അംഗീകാരവും 82 ആശുപത്രികൾ പുനഃഅംഗീകാരവും നേടിയെടുത്തു

തിരുവനന്തപുരം: സംസ്ഥാനത്തെ 12 ആശുപത്രികൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം ലഭ്യമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 11 ആശുപത്രികൾക്ക് കൂടി നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരവും ഒരു ആശുപത്രിയ്ക്ക് ദേശീയ ഗുണനിലവാര അംഗീകാരമായ ലക്ഷ്യ സർട്ടിഫിക്കേഷനുമാണ് ലഭിച്ചത്. ഇതോടെ ആകെ 187 ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.ക്യു.എ.എസ്. സർട്ടിഫിക്കേഷനും 12 ആരോഗ്യ സ്ഥാപനങ്ങൾക്ക് ലക്ഷ്യ സർട്ടിഫിക്കേഷനും ലഭിച്ചതായി മന്ത്രി പറഞ്ഞു.

കോട്ടയം സി.എച്ച്.സി. കൂടല്ലൂർ 89.67% സ്കോറും, എറണാകുളം സി.എച്ച്.സി. രാമമംഗലം 93.09% സ്കോറും, തിരുവനന്തപുരം പി.എച്ച്.സി. ആനാട് 93.57% സ്കോറും, ഇടുക്കി പി.എച്ച്.സി. കുമളി 92.41% സ്കോറും, കെ.പി. കോളനി 92.51% സ്കോറും, പി.എച്ച്.സി. പെരുവന്താനം 93.37% സ്കോറും, പാലക്കാട് പി.എച്ച്.സി. അടക്കാപുത്തൂർ 93.57% സ്കോറും, മലപ്പുറം പി.എച്ച്.സി. വാഴക്കാട് 95.83% സ്കോറും, കണ്ണൂർ പി.എച്ച്.സി മൊറാഴ 94.97% സ്കോറും, കാസർഗോഡ് പി.എച്ച്.സി കുമ്പഡാജെ 94.37% സ്കോറും നേടി എൻ.ക്യു.എ.എസ്. അംഗീകാരവും കണ്ണൂർ പി.എച്ച്.സി കതിരൂർ 93.52% സ്കോർ നേടി പുനഃഅംഗീകാരവും കരസ്ഥമാക്കി.


ഇതോടെ സംസ്ഥാനത്തെ 187 ആശുപത്രികൾ എൻ.ക്യു.എ.എസ്. അംഗീകാരവും 82 ആശുപത്രികൾ പുനഃഅംഗീകാരവും നേടിയെടുത്തു. 5 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 11 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 41 അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, 126 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് എൻ.ക്യു.എ.എസ് അംഗീകാരം നേടിയിട്ടുള്ളത്.

8 വിഭാഗങ്ങളായി 6,500 ഓളം ചെക്ക് പോയിന്റുകൾ വിലയിരുത്തിയാണ് ഒരു ആശുപത്രിയെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നത്. എൻ.ക്യു.എ.എസ്. അംഗീകാരത്തിന് 3 വർഷ കാലാവധിയാണുള്ളത്. 3 വർഷത്തിന് ശേഷം ദേശീയതല സംഘത്തിന്റെ പനുഃപരിശോധന ഉണ്ടാകും. കൂടാതെ വർഷാവർഷം സംസ്ഥാനതല പരിശോധനയുമുണ്ടാകും. എൻ.ക്യു.എ.എസ്. അംഗീകാരം ലഭിക്കുന്ന പി.എച്ച്.സി.കൾക്ക് 2 ലക്ഷം രൂപ വീതവും മറ്റ് ആശുപത്രികൾക്ക് ഒരു കിടക്കയ്ക്ക് 10,000 രൂപ എന്ന നിലയിലും വാർഷിക ഇൻസെന്റീവ് ലഭിക്കും.

തിരുവനന്തപുരം പാറശ്ശാല ഗവ. താലൂക്ക് ആസ്ഥാന ആശുപത്രിയ്ക്ക് ദേശീയ ഗുണനിലവാര അംഗീകാരമായ ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചു. ലേബർ റൂം 95.92% സ്കോറും മറ്റേർണിറ്റി ഒ.ടി 95.92% സ്കോറും നേടിയാണ് ഈ അംഗീകാരം നേടിയത്.

മാതൃശിശു മരണ നിരക്ക് കുറയ്ക്കുക അതോടൊപ്പം തന്നെ ഗർഭിണികളായ സ്ത്രീകൾക്കും നവജാത ശിശുക്കൾക്കും മികച്ച പരിചരണം ഉറപ്പുവരുത്തുക എന്ന ഉദ്ദേശത്തോടു കൂടിയാണ് ലക്ഷ്യ പദ്ധതി ആവിഷ്കരിച്ചത്. ലോകോത്തര നിലവാരത്തിലുള്ള പ്രസവ ചികിത്സ ലഭ്യമാക്കുക, അണുബാധ കുറയ്ക്കുക, പ്രസവ സമയത്ത് മെച്ചപ്പെട്ട സംരക്ഷണം, ഇതുകൂടാതെ പ്രസവാനന്തരമുള്ള ശുശ്രൂഷ, ഗുണഭോക്താക്കളുടെ സംതൃപ്തി, ലേബർ റൂമുകളുടെയും പ്രസവ സംബന്ധമായ ഓപ്പറേഷൻ തിയേറ്ററുകളുടേയും ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നിവയാണ് ലക്ഷ്യ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. കേരളത്തിൽ മെഡിക്കൽ കോളേജുകളിലും, ജില്ലാ ആശുപത്രികളിലും താലൂക്കാശുപത്രികളിലുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

## ഡോ.വിനയ് ഗോയൽ ഐ എ എസ് എൻ എച്ച് എം ഡയറക്ടറായി ചുമതലയേറ്റു


ഡോ.വിനയ് ഗോയൽ

തിരുവനന്തപുരം: നാഷണൽ ഹെൽത്ത് മിഷന്റെ ഡയറക്ടറായി ഡോ.വിനയ് ഗോയൽ ഐ.എ.എസ് ചുമതലേറ്റു. മുൻ എസ് എം ഡി ജീവൻ ബാബു കെ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറായി ചുമതലയേറ്റതിനെ തുടർന്നാണ് പുതിയ നിയമനം. 2016 ഐ.എ.എസ് ബാച്ചുകാരനായ ഡോ. വിനയ് ഗോയൽ ഹരിയാന സ്വദേശിയാണ്. റോഹ്തക് പി ജി ഐ എം എസിൽ നിന്ന് എം.ബി.ബി.എസും ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ നിന്ന് പബ്ലിക് മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദവും ബ്ലൂംബെർഗ് ജോൺസ് ഹോപ്കിൻസ് സ്കൂളിൽ നിന്ന് പബ്ലിക് ഹെൽത്തിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുണ്ട്. കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിൽ അസി. സെക്രട്ടറി, തിരുവനന്തപുരം സ്മാർട്ട് സിറ്റി സി ഇ ഒ, കെ ആർ ടി സി എ എം ഡി, പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ എന്നീ ചുമതലകൾ വഹിച്ചിട്ടുണ്ട്.

# അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ്: ചരിത്ര നേട്ടവുമായി കേരളം




തിരുവനന്തപുരം: അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ് (അമീബിക് മസ്തിഷ്ക ജ്വരം) ബാധിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്ന 10 പേരെയും ഡിസ്ചാർജ് ചെയ്തു. ആദ്യം തന്നെ കൃത്യമായി രോഗനിർണയം നടത്തുകയും മിൽട്ടിഫോസിൻ ഉൾപ്പെടെയുള്ള മരുന്നുകൾ എത്തിച്ച് ഫലപ്രദമായ ചികിത്സ നൽകുകയും ചെയ്തത് കൊണ്ടാണ് ഇത്രയേറെ പേരെ ഭേദമാക്കാൻ കഴിഞ്ഞത്. തിരുവനന്തപുരത്ത് മരണമടഞ്ഞയാൾക്ക് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചതിന് പിന്നാലെ ആരോഗ്യ വകുപ്പ് ശക്തമായ നടപടികളാണ് സ്വീകരിച്ചത്. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് ആർ.ആർ.ടി യോഗം ചേർന്ന് പ്രതിരോധവും ചികിത്സയും ഏകോപിപ്പിച്ചു. ചികിത്സയിലുള്ളവർക്ക് മെഡിക്കൽ ബോർഡ് രൂപീകരിച്ച് പ്രത്യേക എസ്.ഒ.പി. തയ്യാറാക്കിയാണ് തുടർ ചികിത്സ ഉറപ്പാക്കിയത്. ആഗോള തലത്തിൽ 97 ശതമാനം മരണ നിരക്കുള്ള രോഗമാണിത്. എന്നാൽ കേരളത്തിലെ മരണ നിരക്ക് 26 ശതമാനമായി കുറയ്ക്കാൻ സാധിച്ചു. ലോകത്ത് തന്നെ ഇത്തരത്തിൽ രോഗമുക്തി കൈവരിച്ചിട്ടുള്ളത് 11 പേർ മാത്രമാണ്. അതേ സമയം ഈ 10 പേർ ഉൾപ്പെടെ ഇതുവരെ 14 പേരെ രോഗമുക്തരാക്കാൻ കേരളത്തിന് കഴിഞ്ഞു. ഏകോപനത്തിനും ചികിത്സയ്ക്കും നേതൃത്വം നൽകിയ മെഡിക്കൽ കോളേജിലേയും ആരോഗ്യ വകുപ്പിലെയും മുഴുവൻ ടീമിനേയും മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

അമീബിക് മസ്തിഷ്ക ജ്വരം പ്രതിരോധിക്കുന്നതിന് ആരോഗ്യ വകുപ്പ് ശക്തമായ നടപടി സ്വീകരിച്ചു വരുന്നതായി മന്ത്രി വീണാ ജോർജ് പറഞ്ഞു. സംസ്ഥാനത്ത് പല ജില്ലകളിൽ അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ച സാഹചര്യത്തിൽ രാജ്യത്ത് ആദ്യമായി ഏകാരോഗ്യ സമീപനത്തിലൂന്നിയ ഗവേഷണ പ്രവർത്തനങ്ങൾ നടത്താൻ കേരളം തീരുമാനിച്ചു. ഇതിന്റെ ആദ്യപടിയായി കേരളത്തിലേയും ഐ.സി.എം.ആർ., ഐ.എ.വി., പോണ്ടിച്ചേരി എ വി ഇൻസ്റ്റിറ്റ്യൂട്ട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയിലെ വിദഗ്ധരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ടെക്നിക്കൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ച് തുടർ പ്രവർത്തനങ്ങൾ സ്വീകരിച്ചു.

ശിൽപശാലയിൽ പങ്കെടുത്തവർ കേരളത്തിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചിരുന്നു. അമീബിക് മെനിഞ്ചോ എൻസെഫലൈറ്റിസ് പോലുള്ള വളരെ അപൂർവമായ രോഗങ്ങൾ നേരത്തെ തന്നെ കണ്ടുപിടിക്കാനും മരണനിരക്ക് 97 ശതമാനമുള്ള രോഗത്തിൽ നിന്നും ബഹുഭൂരിപക്ഷം പേരെ രക്ഷിക്കാൻ സാധിച്ചതും സംസ്ഥാനത്തിന്റെ മികച്ച നടപടികൾ കൊണ്ടാണെന്ന് സംഘം വിലയിരുത്തി. അമീബയുടെ വളർച്ചയെ സഹായിക്കുന്ന ജൈവികവും അജൈവികവുമായ ഘടകങ്ങളെപ്പറ്റിയുള്ള വിശദമായ പഠനം നടത്തി ഏകാരോഗ്യ സമീപനത്തിലൂന്നിയ ആക്ഷൻ പ്ലാൻ രൂപീകരിക്കുന്നതാണ്.

കേരളത്തിൽ രോഗം സ്ഥിരീകരിച്ച എല്ലാവർക്കും അമീബ കാണാൻ സാധ്യതയുള്ള മലിനമായ ജലവുമായി ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ സമ്പർക്കം ഉണ്ടായിട്ടുണ്ട്. ഒരേ ജല സ്രോതസ് ഉപയോഗിച്ചവരിൽ ചിലർക്ക് മാത്രം രോഗം വരാനുള്ള കാരണം കണ്ടെത്താനായി ഐ.സി.എം.ആറിന്റേയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപ്പിഡമോളജിയുടേയും സഹായത്തോടെ ഒരു കേസ് കൺട്രോൾ പഠനം നടത്താനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

# വീടുകളിലെത്തും ജനകീയ ലാബ്



കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന ജനകീയ ലാബിലൂടെ പരിശോധന നടത്തുന്നു

തിരുവനന്തപുരം: ആരോഗ്യരംഗത്തെ നേട്ടങ്ങളാണ് കേരള മോഡൽ വികസനത്തിന്റെ ആണിക്കല്ല് ആരോഗ്യ സൂചികകളുടെ കാര്യത്തിൽ കേരളം ഇപ്പോഴും ഒന്നാംസ്ഥാനം നിലനിർത്തുന്നു. മാത്രമല്ല, കേരളത്തിനോട് അടുത്തെങ്കിലുമെത്തിയ സംസ്ഥാനങ്ങൾ വേറെയില്ലെന്നു തന്നെ പറയാം. മിക്കവാറും എല്ലാ ഗ്രാമങ്ങളിലും മികച്ച സേവനം ഉറപ്പാക്കുന്ന സംവിധാനമുണ്ടായതാണ് ഇതിന് കാരണം. വർദ്ധിച്ച് വരുന്ന ജീവിതശൈലീരോഗമാണ് കേരളത്തിലെ പ്രധാന വെല്ലുവിളി. ജീവിതശൈലീ രോഗത്തിന്റെ പ്രാരംഭ ലക്ഷണങ്ങൾ പ്രകടമാകുമ്പോൾ തന്നെ വൈദ്യ സഹായം തേടുകയോ ജീവിതശൈലീ രോഗങ്ങൾ വരാൻ സാധ്യതയുണ്ടെന്ന് മുൻകൂട്ടി തിരിച്ചറിയുകയോ ചെയ്താൽ മിക്ക രോഗങ്ങളും സങ്കീർണമാവില്ല. എന്നാൽ മലയാളികളിൽ ചുരുങ്ങിയ പക്ഷമെങ്കിലും സ്വയം ചികിത്സ നടത്തി രോഗാവസ്ഥ സങ്കീർണമാകുന്നു. ആശുപത്രിയിൽ എത്തി പരിശോധന നടത്താനുള്ള വിമുഖതയാണ് മറ്റൊരു കാരണം.

രക്താതിമർദ്ദവും പ്രമേഹവും ശരീര ഭാരസൂചികയുമാണ് ജീവിതശൈലീ രോഗം നിർണയിക്കുന്ന അടിസ്ഥാന പരിശോധനകൾ. ജീവിതശൈലീ രോഗനിർണ പരിശോധന നടത്താൻ മടിയുള്ളവരെയും അലസമായി ആരോഗ്യ ശീലമുള്ളവരെയും കണ്ടെത്തി ജനകീയ ലാബിലൂടെ ആരോഗ്യപരിരക്ഷ നൽകുകയാണ് കഴിഞ്ഞ രണ്ട് വർഷമായി കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത്. കേശവപുരം സാമൂഹികാരോഗ്യ കേന്ദ്രവും അതിന് കീഴിലുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളായ കിളിമാനൂർ, നഗരൂർ, നാവായിക്കുളം, പള്ളിച്ചൽ, അടയമൺ, കരവാരം, മടവൂർ, പുളിമാത്ത് എന്നീ ആരോഗ്യകേന്ദ്രങ്ങളിലാണ് ജനകീയ ലാബ് പ്രവർത്തിക്കുന്നത്. മുപ്പത് വയസിന് മുകളിലുള്ളവർക്കാണ് ഈ സേവനം ലഭ്യമാവുക.

'ജനകീയ ലാബ് ആരംഭിച്ചപ്പോൾ മുതൽ നല്ല പ്രതികരണമാണ് ജനങ്ങളിൽ നിന്ന് ലഭിക്കുന്നത്. രോഗം സങ്കീർണമാകുന്നതിന് മുൻപ് ചികിത്സ നൽകാൻ സഹായകമായി പ്രവർത്തിക്കുന്നതിൽ സന്തോഷമുണ്ടെന്ന്' ആശാപ്രവർത്തക ഇന്ദിര അഭിപ്രായപ്പെട്ടു.


പരിശീലനം ലഭിച്ച 173 ആശാ പ്രവർത്തകർക്ക് ബി.പി. അപ്പാരറ്റസ്, ഗ്ലൂക്കോമീറ്റർ, ബി.എം.ഐ. ചാർട്ട് എന്നിവയടങ്ങിയ മെഡിക്കൽ കിറ്റ് നൽകിയിട്ടുണ്ട്. ആശാ പ്രവർത്തകർക്ക് നിക്ഷിപ്തമായ ജോലിയുടെ ഭാഗമായി ഗൃഹ സന്ദർശനം നടത്തുന്നതോടൊപ്പമാണ് ജനകീയ ലാബിന്റെ പരിശോധനയും നടത്തുന്നത്. വീട്ടിലെ ഒരു അംഗത്തിനെ പരിശോധിക്കുന്നതിന് പത്ത് രൂപ ഈടാക്കുന്നു. പരിശോധന പൂർത്തിയാക്കിയാൽ ഗുണഭാക്താവിന് നൽകിയിട്ടുള്ള നീല കാർഡിൽ പരിശോധനാ ഫലം രേഖപ്പെടുത്തി രസീതും നൽകുന്നു. ആശാ പ്രവർത്തകർക്കുള്ള വെള്ള കാർഡിലും പരിശോധനാ ഫലം രേഖപ്പെടുത്തുന്നു. വെള്ളകാർഡും രസീതിന്റെ കോപ്പിയും ഗുണഭോക്താവിൽ നിന്ന് ഈടാക്കിയ തുകയും ആശാ പ്രവർത്തകർ അതാത് കുടുംബാരോഗ്യ കേന്ദ്രത്തിലെ ചാർജ്ജ് ഹെൽത്ത് ഇൻസ്പെക്ടർമാരെ ഏൽപ്പിക്കും. കാർഡിൽ നിന്ന് രോഗ സാധ്യതയുള്ളവരെ ആശുപത്രിയിലേയ്ക്ക് റഫർ ചെയ്ത് ചികിത്സയ്ക്ക് വിധേയമാക്കുന്നു. എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും ലഭിച്ച പരിശോധനാ ഫലവും രസീതും തുകയും എച്ച്.ഐമാർ കേശവപുരം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ എച്ച്.എസ്, എച്ച്.ഐ.മാരെ ഏൽപ്പിക്കുകയും മാസാവലോകനം നടത്തുകയും ചെയ്യുന്നു. ജനകീയ ലാബിലൂടെ സമാഹരിച്ച തുക എല്ലാ മാസവും ആശാ പ്രവർത്തകർക്ക് അക്കൗണ്ട് മുഖേന ശമ്പളമായി നൽകുന്നു. ബ്ലോക്കിന് കീഴിലുള്ള ഒന്നരലക്ഷം പേർക്ക് ഈ സേവനം ലഭ്യമാകുന്നു. സ്വകാര്യ ലാബിൽ 50 രൂപയ്ക്ക് മുകളിലുള്ള പരിശോധനയാണ് ഒരാൾക്ക് പത്ത് രൂപയ്ക്ക് കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയായ ജനകീയ ലാബിലൂടെ നൽകുന്നത്.

'പലപ്പോഴും ബസ് പിടിച്ച് ആശുപത്രിയിൽ പോകാൻ മടുക്കും, വീട്ടിൽ തന്നെ ജീവിതശൈലീ രോഗ നിർണയം നടത്തുന്നത് പ്രായമായവർക്ക് വളരെ ഉപകാരപ്രദമാണെന്നും ജനകീയ ലാബ് തുടർന്ന് പോകണമെന്നും' ഗുണഭോക്താവ് മുംതാസ് ബീഗം പറയുന്നു.

---

## തിരുവനന്തപുരം മെഡിക്കൽ കോളേജിൽ

# മെക്കാനിക്കൽ ത്രോമ്പക്ടമി വിജയകരം



**സർക്കാർ മെഡിക്കൽ കോളേജിൽ ഇന്റർവെൻഷൻ ന്യൂറോളജി വിഭാഗത്തിന്റെ കീഴിൽ ഇതാദ്യം**

തിരുവനന്തപുരം: സംസ്ഥാനത്ത് സർക്കാർ മെഡിക്കൽ കോളേജിൽ ഇന്റർവെൻഷൻ ന്യൂറോളജി വിഭാഗത്തിന്റെ കീഴിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മെക്കാനിക്കൽ ത്രോമ്പക്ടമി വിജയകരമായി പൂർത്തിയാക്കി. സ്ട്രോക്ക് ബാധിച്ച തിരുവനന്തപുരം സ്വദേശിയായ 70 വയസുകാരനാണ് മെക്കാനിക്കൽ ത്രോമ്പക്ടമിയിലൂടെ രക്തക്കുഴലിലെ വലിയ ബ്ലോക്ക് മാറ്റിത്. സ്വകാര്യ ആശുപത്രിയിൽ ലക്ഷക്കണക്കിന് രൂപ ചെലവുള്ള ചികിത്സാ രീതിയാണ് മെഡിക്കൽ കോളേജിൽ അടിയന്തരമായി ചെയ്തത്. വിജയകരമായി ചികിത്സ പൂർത്തിയാക്കി രോഗി സുഖം പ്രാപിച്ചു വരുന്നു. മെഡിക്കൽ കോളേജിലെ മുഴുവൻ ടീം അംഗങ്ങളെയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

കഴിഞ്ഞ ദിവസമാണ് കൈകാലുകൾക്ക് സ്വാധീനക്കുറവുമായി 70 വയസുകാരനെ മെഡിക്കൽ കോളേജ് ആശുപത്രി അത്യാഹിത വിഭാഗത്തി എത്തിച്ചത്. പരിശോധനയി സ്ട്രോക്ക് ആണെന്ന് കണ്ടെത്തി. ഉടൻ തന്നെ വിദഗ്ധ പരിശോധനകൾ നടത്തി കട്ടപിടിച്ച രക്തം അലിയിച്ച് കളയാനുള്ള ഐവി ത്രോംബോലൈസിസ് ചികിത്സ നൽകി. അതിന് ശേഷം വലിയ രക്തക്കുഴലിലെ ബ്ലോക്ക് മാറ്റാനായി മെക്കാനിക്കൽ ത്രോമ്പക്ടമി ചികിത്സ നടത്തി. വിജയകരമായ പ്രൊസീജിയറിന് ശേഷം രോഗി നിരീക്ഷണത്തിലാണ്.

ഇമറിറ്റസ് പ്രൊഫസർ ഡോ. തോമസ് ഐപ്പ്, ന്യൂറോളജി വിഭാഗം മേധാവി ഡോ. ചിത്ര, ഡോ. റാം മോഹൻ, ഡോ. സുനി ഡി, ഡോ. ആർ. ദിലീപ്, ഡോ. പ്രവീൺ പണിക്കർ, ഡോ. രമ്യ പി., ഡോ. വിനീത വി.എസ്. എന്നിവരടങ്ങുന്ന ടീമാണ് ചികിത്സയ്ക്ക് മേൽനോട്ടം വഹിച്ചത്. മെക്കാനിക്കൽ ത്രോമ്പക്ടമി നടത്തിയ കോമ്പ്രിഹെൻസീവ് സ്ട്രോക്ക് സെന്ററിന്റേയും സ്ട്രോക്ക് കാത്ത് ലാബിന്റേയും നോഡൽ ഓഫീസറായ ഡോ. ആർ. ദിലീപിന്റെ നേതൃത്വത്തിലുള്ള ടീമിൽ ഡോ. അനന്തപത്മനാഭൻ, ഡോ. ടോണി, ഡോ. നിഖില, ജിത, വിഷ്ണു, ജയകൃഷ്ണ എന്നിവർ ഉൾപ്പെട്ടിരുന്നു.

ആദ്യമായാണ് ഒരു സർക്കാർ മെഡിക്കൽ കോളേജിൽ ബാഹ്യ സഹായമില്ലാതെ നമ്മുടെ ഡോക്ടർമാർ മെക്കാനിക്കൽ ത്രോമ്പക്ടമി ചെയ്യുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ന്യൂറോളജി വിഭാഗത്തെ കോമ്പ്രിഹെൻസീവ് സ്ട്രോക്ക് സെന്ററായി (സമഗ്ര പക്ഷാഘാത പരിചരണ വിഭാഗം) വികസിപ്പിച്ചെടുത്തിരുന്നു. ലോക പ്രശസ്ത ഇന്റർവെൻഷൻ ന്യൂറോളജിസ്റ്റ് ഡോ. സാക്കീർ ഹുസൈന്റെ നേതൃത്വത്തിലുള്ള SNIF മായി ചേർന്ന് ഫെലോഷിപ്പ് പ്രോഗ്രാമും നടത്തുന്നുണ്ട്. പുതിയ ചികിത്സാ സംവിധാനങ്ങൾ മികച്ച രീതിയിൽ വൈദഗ്ധ്യത്തോടെ ചെയ്യാൻ കഴിയുന്നു എന്നത് അഭിമാനകരമായ കാര്യമാണ്.

---

# ലക്ഷ്യ: ലേബർ റൂമും ഓപ്പറേഷൻ തീയേറ്ററും ഉദ്ഘാടനം ചെയ്തു



എറണാകുളം: ആലുവ ജില്ലാ ആശുപത്രിയിൽ ലക്ഷ്യ മാനദണ്ഡങ്ങളനുസരിച്ച് നിർമിച്ച ലേബർ റൂമിന്റേയും എമർജൻസി ഓപ്പറേഷൻ തീയേറ്ററിന്റേയും ഉദ്ഘാടനം ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിച്ചു. ദേശീയ ആരോഗ്യദൗത്യത്തിന്റെ 2.15 കോടി രൂപ ചെലവഴിച്ചാണ് നിർമാണ പ്രവൃത്തികൾ പൂർത്തിയാക്കിയത്.

ആലുവ നിയോജക മണ്ഡലത്തിൽ പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിന് പുതിയ ആരോഗ്യ പ്രോട്ടോക്കോൾ നടപ്പാക്കുന്നത്. സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് മന്ത്രി പറഞ്ഞു. നിർമാർജനം ചെയ്യപ്പെട്ട മലമ്പനി പോലുള്ള രോഗങ്ങൾ കൂടുതലും മറ്റു സ്ഥലങ്ങളിൽ നിന്ന് ഇവിടെയെത്തിയവരിലാണ്. ചില വിദേശ രാജ്യങ്ങളിൽ പോകുന്നതിന് മുൻപ് ചില വാക്സിനുകൾ നിർബന്ധമാണ്. ഇത്തരത്തിൽ കാലഘട്ടത്തിന് അനുസൃതമായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെയാകും ആരോഗ്യ പ്രോട്ടോക്കോൾ നടപ്പാക്കുകയെന്നും മന്ത്രി പറഞ്ഞു.

അൻവർ സാദത്ത് എം.എൽ.എ അധ്യക്ഷത വഹിച്ചു. ബെന്നി ബഹനാൻ എം.പി., ആലുവ നഗരസഭ ചെയർമാൻ എം.ഒ. ജോൺ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ, വൈസ് പ്രസിഡന്റ് എ സി ജോർജ്, ജില്ലാ പഞ്ചായത്തംഗങ്ങളായ എം.ജെ. ജോമി, സനിത റഹീം, ഉല്ലാസ് തോമസ്, ശാരദ മോഹൻ, ഷൈമി വർഗീസ്, വാർഡ് കൗൺസിലർ പി.പി. ജെയിംസ്, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ. സക്കീന, ആലുവ ജില്ലാ ആശുപത്രി സൂപ്രണ്ട് ഡോ. സ്മിജി ജോർജ്, ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ശിവപ്രസാദ്, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



# ഇടുക്കിയിലെ ആരോഗ്യമേഖലയ്ക്ക് അഭിമാന നിമിഷം




ഇടുക്കി : സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഇടുക്കി ജില്ലയിലെ വിവിധ പദ്ധതികൾ ആരോഗ്യ വകുപ്പ് മന്ത്രി നാടിന് സമർപ്പിച്ചു. ജില്ലയുടെ വിവിധ മേഖലകളിലായി 4 പ്രധാനപ്പെട്ട പദ്ധതികളാണ് ഉദ്ഘാടനം ചെയ്തത്.

### ജില്ലാ ടി.ബി സെന്റർ

ദേശീയാരോഗ്യ ദൗത്യത്തിന് കീഴിൽ 4 കോടി രൂപ മുതൽ മുടക്കി നിർമ്മാണം ആരംഭിക്കുന്ന ജില്ലാ ടി.ബി സെന്റർ കെട്ടിടം ഇടുക്കിയുടെ ഹൃദയഭാഗമായ ചെറുതോണിയിൽ ജില്ലാ പഞ്ചായത്ത് വിട്ട് നൽകിയ സ്ഥലത്താണ് പൂർത്തിയാകുന്നത്. ക്ഷയരോഗ നിർമ്മാർജന പദ്ധതിയിൽ കേരളത്തിലെ തന്നെ ഏറ്റവും കൂടുതൽ മുന്നോട്ട് പോയ ഇടുക്കി ജില്ലയിൽ നിലവിൽ 20 പഞ്ചായത്തുകൾ ക്ഷയരോഗ മുക്തമായ പഞ്ചായത്തുകളാണ്.

### ഹൈറേഞ്ചിൽ ഡയാലിസിസ് സെന്റർ

സർക്കാർ അനുവദിച്ച 3.6 കോടി രൂപ ഉപയോഗിച്ച് അടിമാലി താലൂക്ക് ആശുപത്രിയിൽ നിർമ്മിച്ച പത്ത് കിടക്കകളുള്ള ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. തമിഴ്നാട് അതിർത്തി മുതൽ എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലവരെയുള്ള ദേവികുളം താലൂക്കിലെ ജനങ്ങൾ ഡയാലിസിസ് സേവനത്തിനായി എറണാകുളം, കോട്ടയം ജില്ലയിലെ ആശുപത്രികളെയാണ് ആശ്രയിച്ചിരുന്നത്. അടിമാലി താലൂക്കാശുപത്രിയിൽ ഡയലിസിസ് സേവനം ആരംഭിക്കുന്നത് വഴി ഭാഗികമായെങ്കിലും ഈ മേഖലയിലെ ഡയാലിസിസ് സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരമാകും.

### ഏലപ്പാറ കുടുംബാരോഗ്യകേന്ദ്രം

ദേശീയാരോഗ്യദൗത്യത്തിന്റെയും സർക്കാരിന്റെയും സംയുക്ത ഇടപെടലിൽ തോട്ടം മേഖലയായ ഏലപ്പാറയ്ക്കുള്ള സ്വപ്ന സാക്ഷാത്ക്കാരമായി ഏലപ്പാറ കുടുംബാരോഗ്യകേന്ദ്രത്തിന്റെ പുതിയകെട്ടിടം നാടിന് സമർപ്പിച്ചു .രണ്ടു നിലകളിലായി 9000 ചതുരശ്ര അടിയിൽ പൂർത്തിയായിരിക്കുന്ന കെട്ടിടത്തിൽ ഒരു കുടുംബാരോഗ്യകേന്ദ്രത്തിൽ ലഭ്യമാകേണ്ട എല്ലാ സേവനങ്ങളും ഏറ്റവും ഭംഗിയായ അടിസ്ഥാനസൗകര്യങ്ങളോടെ ലഭ്യമാകും.

### മെഡിക്കൽ കോളേജിന്റെ വളർച്ച

ജില്ലയുടെ ഏറ്റവും വലിയ പ്രതീക്ഷയായ ഇടുക്കി മെഡിക്കൽ കോളേജിൽ സർക്കാർ അനുവദിച്ച 92.00 കോടി രൂപയിൽ നിന്നും നിർമ്മാണം പൂർത്തിയാക്കിയ ഹോസ്റ്റലുകൾ, സ്റ്റാഫ് കോട്ടേഴ്സ്, മോഡുലാർ ലാബ്, ലക്ച്ചർ ഹാൾ എന്നിവയാണ് ആരംഭിച്ചത്. ഇത്തരത്തിൽ വിവിധ സ്വപ്ന പദ്ധതികളുടെ പൂർത്തീകരണവുമായി ഇടുക്കി ആരോഗ്യമേഖല കൂടുതൽ മികച്ച നിലവാരത്തിലേക്കെത്തുകയാണ്.

പിറവം താലൂക്ക് ആശുപത്രിയി ദേശീയ ആരോഗ്യദൗത്യത്തിന്റെ 2.35 കോടി രൂപ ചെലവഴിച്ച് നിർമിച്ച ഒ പി ബ്ലോക്കിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. നൂറു ദിന പദ്ധതി 15 പദ്ധതികളാണ് മന്ത്രി ജില്ലയിൽ ഉദ്ഘാടനം ചെയ്തത്. 9.18 കോടി രൂപയുടെ 15 പദ്ധതികളാണ് പൊതുജനങ്ങൾക്കായി തുറന്നു നൽകിയത്.

എല്ലാ ജില്ലകളിലും

# സ്ട്രോക്ക് സെന്ററുകൾ ഉടൻ: മന്ത്രി വീണാ ജോർജ്



**രാജ്യത്ത് ആദ്യമായി മിഷൻ സ്ട്രോക്ക് നടപ്പിലാക്കി കേരളം**

പത്തനംതിട്ട : എല്ലാ ജില്ലകളിലും സ്ട്രോക്ക് സെന്ററുകൾ യാഥാർത്ഥ്യമാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾക്ക് പുറമേ 12 ജില്ലകളിൽ ആരോഗ്യ വകുപ്പിന് കീഴിൽ നിലവിൽ സ്ട്രോക്ക് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. മലപ്പുറം, വയനാട് ജില്ലകളിൽ ഈ വർഷം തന്നെ സ്ട്രോക്ക് സെന്ററുകൾ യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ട്രോക്ക് ബാധിച്ചവർക്ക് ഗുണനിലവാരമുള്ള തുടർ ജീവിതം ഉറപ്പാക്കുന്നതിനായി ശാസ്ത്രീയവും സമയബന്ധിതവുമായ ചികിത്സ നൽകുന്നതിനുള്ള മികച്ച ആരോഗ്യ സംവിധാനങ്ങളാണ് ഏർപ്പെടുത്തി വരുന്നതെന്നും മന്ത്രി പറഞ്ഞു. രാജ്യത്ത് ആദ്യമായി നടപ്പിലാക്കുന്ന മിഷൻ സ്ട്രോക്ക് പരിശീലന പരിപാടി പത്തനംതിട്ടയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

സമയബന്ധിതമായ ചികിത്സയിലൂടെ പക്ഷാഘാതം ബാധിച്ചവരെ ജീവിതത്തിലേക്ക് തിരികെയെത്തിക്കാൻ സാധിക്കും. അല്ലെങ്കിൽ ശരീരം തളർന്നു പോകുകയോ മരണം വരെ സംഭവിക്കുകയോ ചെയ്യും. അതിനാൽ ആരോഗ്യ പ്രവർത്തകർക്കുൾപ്പെടെ എല്ലാവർക്കും അവബോധം വളരെ പ്രധാനമാണ്. ഒരു പ്രദേശത്തെ എല്ലാ ആരോഗ്യ പ്രവർത്തകർക്കും സ്ട്രോക്കിനെപ്പറ്റിയുള്ള പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് രാജ്യത്ത് ആദ്യമായി മിഷൻ സ്ട്രോക്ക് ആരംഭിച്ചത്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഇന്ത്യൻ അക്കാഡമി ഓഫ് ന്യൂറോളജിയും, കേരള അസോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റും, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിട്യൂട്ടിന്റെ കോമ്പ്രിഹെൻസീവ് സ്ട്രോക്ക് കെയർ യൂണിറ്റും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഇന്ത്യയിലെ രണ്ട് സംസ്ഥാനങ്ങളിൽ ആരംഭിക്കുന്ന ഈ പദ്ധതി കേരളത്തിൽ പത്തനംതിട്ട ജില്ലയിലാണ് തുടക്കം കുറിക്കുന്നത്. സ്ട്രോക്ക് നിർണയിക്കുന്നതിലെ കാലതാമസം ഒഴിവാക്കിക്കൊണ്ട് ഒരു രോഗിയെ സമയം ഒട്ടും വൈകാതെ ചികിത്സയ്ക്ക് എത്തിക്കുന്നതിന് ആരോഗ്യ വകുപ്പിലെ എല്ലാ ജീവനക്കാരെയും പൊതുജനങ്ങളെയും സജ്ജമാക്കുക എന്ന ഉദ്ദേശ ലക്ഷ്യമാണ് മിഷൻ സ്ട്രോക്ക് മുന്നോട്ട് വയ്ക്കുന്നത്. ഇതിനായി മെഡിക്കൽ ഓഫീസർമാർ, സ്റ്റാഫ് നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ്, മറ്റ് ആരോഗ്യ പ്രവർത്തകർ, ആശാ പ്രവർത്തകർ എന്നിവർക്ക് സ്ട്രോക്കിനെക്കുറിച്ചുള്ള ആരോഗ്യ ബോധവത്ക്കരണം നൽകുക എന്നതാണ് ഈ പദ്ധതിയിലൂടെ ചെയ്യുന്നത്. ഇതിനായി ഇന്ത്യൻ അക്കാഡമി ഓഫ് ന്യൂറോളജിയുടേയും, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിട്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയുടെയും സാങ്കേതിക സഹായം ഉറപ്പാക്കിയിട്ടുണ്ട്. ഒരു വർഷം നീണ്ടുനിൽക്കുന്ന തുടർ പരിശീലന പരിപാടികളാണ് മിഷൻ സ്ട്രോക്കിന്റെ ഭാഗമായി നടത്തുവാൻ ഉദ്ദേശിക്കുന്നത്. കോഴിക്കോട് ജില്ലയാണ് അടുത്തതായി തെരഞ്ഞെടുത്തിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി ഡോക്ടർമാർ ഉൾപ്പെടെയുള്ള 350 ഓളം ജീവനക്കാർക്ക് പരിശീലനം നൽകി.

ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന അധ്യക്ഷയായി. ഇന്ത്യൻ ആക്കാദമി ഓഫ് ന്യൂറോളജി ജോയിന്റ് ട്രഷറർ വി.ജി. പ്രദീപ് കുമാർ വിഷയാവതരണം നടത്തി. ഇന്ത്യൻ ആക്കാദമി ഓഫ് ന്യൂറോളജി ട്രഷറർ ഡോ. അചൽ ശ്രീവാസ്തവ, കേരള അസോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റ് സെക്രട്ടറി ഡോ. സുരേഷ് കുമാർ, ന്യൂറോളജി വിഭാഗം പ്രൊഫ. ഡോ. പി.എൻ. സൈജ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ. അനിത കുമാരി, എൻ.സി.ഡി. സംസ്ഥാന നോഡൽ ഓഫീസർ ഡോ. ബിപിൻ കെ. ഗോപാൽ, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എസ്. ശ്രീകുമാർ, ഡെപ്യൂട്ടി ഡി.എം.ഒ. ഡോ. ഐപ്പ് ജോസഫ്, ന്യൂറോളജിസ്റ്റ് ഡോ. സ്റ്റാൻലി ജോർജ് തുടങ്ങിയവർ പങ്കെടുത്തു

# അറിയാം അൽഷിമേഴ്സിനെ, കൂടെ ഡിമെൻഷ്യയെയും

കാസറഗോഡ് : ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം ), ദേശീയ ആരോഗ്യ ദൗത്യം എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ലോക അൽഷിമേഴ്സ് ദിനത്തിന്റെ ജില്ലാതല പരിപാടി സംഘടിപ്പിച്ചു.

അൽഷിമേഴ്സ് രോഗത്തെ കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായാണ് എല്ലാ വർഷവും സെപ്തംബർ മാസം അൽഷിമേഴ്സ് മാസമായും സെപ്റ്റംബർ 21 ലോക അൽഷിമേഴ്സ് ദിനമായും ആചരിക്കുന്നത്. ഈ വർഷത്തെ ദിനാചരണ സന്ദേശം 'Know Dimentia ,Know Alzheimers ' എന്നതാണ്.



തലച്ചോറിൽ ഓർമകൾ സൂക്ഷിക്കുന്ന കോശങ്ങൾ പലവിധ കാരണങ്ങളാൽ നശിച്ചു പോകുമ്പോഴാണ് ഡിമൻഷ്യ ഉണ്ടാകുന്നത്. പ്രായാധിക്യം, തൈറോയ്ഡ് ഹോർമോണിന്റെ അഭാവം, തലോച്ചോറിനു ഏൽക്കുന്ന ക്ഷതങ്ങൾ, സ്ട്രോക്ക്, വിറ്റാമിൻ ബി 12, തയാമിൻ തുടങ്ങിയ വിറ്റാമിനുകളുടെ അഭാവം, തലച്ചോറിനെ ബാധിക്കുന്ന പലവിധ അണുബാധകൾ, തലച്ചോറിലെ മുഴകൾ എന്നിവയെല്ലാം ഡിമൻഷ്യയുടെ കാരണങ്ങളാണ്. ഡിമേൻഷ്യ എന്ന രോഗാവസ്ഥയുടെ ഏറ്റവും സാധാരണമായ രൂപമാണ് അൽഷിമേഴ്സ്.

രോഗത്തെ പ്രതിരോധിക്കുന്നതിനായി ചിട്ടയായ ശാരീരിക പ്രവർത്തനങ്ങൾ, നല്ല ഭക്ഷണക്രമം പ്രത്യേകിച്ചും തലച്ചോറിന്റെ ആരോഗ്യം വർദ്ധിപ്പിക്കുന്നതിനനിവാര്യമായ പഴങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ, ഇലക്കറികൾ എന്നിവയിൽ സമൃദ്ധമായ ഭക്ഷണക്രമം വളർത്തുക, സമ്മർദ്ദം നിയന്ത്രിക്കൽ, ശരിയായരീതിയിലുള്ള ഉറക്കം എന്നിവ ജീവിതചര്യയുടെ ഭാഗമാക്കേണ്ടതാണ്.

### ശ്രദ്ധിക്കേണ്ട ചില അടയാളങ്ങൾ

സ്ഥലങ്ങളെയും ആളുകളെയും സംഭവങ്ങളെയും കുറിച്ചുള്ള ആശയക്കുഴപ്പം. കാണുന്ന കാര്യങ്ങൾ മനസ്സിലാക്കുന്നതിലുള്ള ബുദ്ധിമുട്ട്. ആശയവിനിമയം നടത്തുന്നതിലും പരിചിതമായ ജോലികൾ ചെയ്യുന്നതിനുമുള്ള ബുദ്ധിമുട്ട്. ദിനാചര്യകൾ ക്രമം തെറ്റി ചെയ്യുക. മാനസികാവസ്ഥയിലോ വ്യക്തിത്വത്തിലോ ഉള്ള മാറ്റങ്ങൾ സുഹൃത്തുക്കളിൽ നിന്നും കുടുംബാംഗങ്ങളിൽ നിന്നും പിൻവലിഞ്ഞ് ഏകാന്തമായി ഇരിക്കാൻ ഇഷ്ടപ്പെടുക. ഇത്തരം ലക്ഷണങ്ങൾ ശ്രദ്ധയിൽ പെടുന്ന പക്ഷം അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിലോ ജില്ലാ മാനസികാരോഗ്യ കേന്ദ്രത്തിലോ ബന്ധപ്പെടാവുന്നതാണ്.



# കൊതുകിനെ തുരത്താം മന്തുരോഗം തടയാം





ഡോ.ഷിനി കെ.കെ.
ജില്ലാ വെക്ടർ ബോൺ ഡിസീസ് കണ്ട്രോൾ ഓഫീസർ

കണ്ണൂർ: അവഗണിക്കപ്പെട്ട ഉഷ്ണ മേഖലാ രോഗങ്ങളിൽ (Neglected Tropical Diseases) ഒന്നാണ് മന്തുരോഗം അഥവാ ലിംഫാറ്റിക് ഫൈലേറിയാസിസ്. മന്തുരോഗം മാരകമല്ലെങ്കിലും അംഗവൈകല്യമുണ്ടാക്കുകയും ജീവിതം ദുരിതപൂർണ്ണമാക്കുകയും ചെയ്യുന്നു.ഈ രോഗികൾ ശാരീരികമായി വൈകല്യമുള്ളവർ മാത്രമല്ല, മാനസികവും സാമൂഹികവും സാമ്പത്തികവുമായ നഷ്ടങ്ങൾ അനുഭവിക്കുന്നു, ഇത് സമൂഹത്തിൽ ഒറ്റപ്പെടാനും ദാരിദ്ര്യത്തിനും കാരണമാകുന്നു.

ബിസി ആറാം നൂറ്റാണ്ടിൽ തന്നെ പ്രശസ്ത ഇന്ത്യൻ വൈദ്യനായ സുശ്രുത തന്റെ പുസ്തകമായ സുശ്രുത സംഹിതയിൽ ഈ രോഗം ഇന്ത്യയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1709–ൽ ക്ലാർക്ക് കൊച്ചിയിലെ ആനക്കാലുകളെ മലബാർ കാലുകൾ എന്ന് വിളിച്ചു.

കൊതുകുകടി വഴി മന്തുരോഗ വിരകൾ മനുഷ്യരിലേക്ക് എത്തുമ്പോഴാണ് രോഗം വരുന്നത്. രോഗപ്രതിരോധപ്രവർത്തനങ്ങളിൽ പ്രധാന പങ്ക് വഹിക്കുന്ന ലസികാവ്യൂഹത്തെയാണ് മന്തുരോഗം പ്രധാനമായും ബാധിക്കുന്നത്.

## രോഗാണു

ഫൈലേറിഡെ കുടുംബത്തിലെ 3 തരം ഉരുണ്ട വിരകളാണ് (Nematode worms) മന്തുരോഗത്തിന് കാരണം. വുച്ചറേറിയ ബാൻക്രോഫ്റ്റൈ, ബ്രൂഗിയ മലായി എന്നീ വിരകളാണ് കേരളത്തിൽ കണ്ടെത്തിയിട്ടുള്ളത്. ഇതിൽ ബാൻക്രോഫ്റ്റിയൻ ഫൈലേറിയാസിസ് ആണ് വ്യാപകമായി കാണപ്പെടുന്നത്.

## രോഗവാഹകർ

മലിന ജലത്തിൽ മുട്ടയിട്ട് വളരുന്ന ക്യൂലക്സ് ക്വിൻക്വിഫേഷിയാറ്റസ് കൊതുകുകളാണ് ബാൻ ക്രോഫ്റ്റിയൻ ഫൈലേറിയാസിസ് പരത്തുന്നത്. ആഫ്രിക്കൻ പായ , പിസ്റ്റിയ, കുളവാഴ തുടങ്ങിയ ജലസസ്യങ്ങളിൽ വളരുന്ന മാൻസോണിയ കൊതുകുകളാണ് ബ്രൂഗിയൻ ഫൈലേറിയാസിസ് പരത്തുന്നത്. രാത്രികാലങ്ങളിൽ കടിക്കുന്ന കൊതുകുകളാണിവ.

## രോഗ സംക്രമണം

മന്ത് രോഗവിരകൾ മനുഷ്യ ശരീരത്തിലെ ലസികാഗ്രന്ഥികളിലും കുഴലുകളിലും കാണപ്പെടുന്നു. പൂർണ്ണവളർച്ചയെത്തിയ വിരകൾ ദിവസേന ആയിരക്കണക്കിനു കുഞ്ഞുങ്ങളെ (Microfilari-a) ഉൽപാദിപ്പിക്കുന്നു. രാത്രിസമയത്ത് മൈക്രോഫൈലേറിയ മനുഷ്യ ശരീരത്തിലെ ഉപരിതല രക്തപ്രവാഹത്തിൽ എത്തിച്ചേരുന്നു. ഇത്തരം ആൾക്കാരെ കൊതുക് കടിക്കുമ്പോൾ കൊതുകിന്റെ ശരീരത്തിലേക്ക് വിരകൾ പ്രവേശിക്കുകയും 7 മുതൽ 21 ദിവസം കൊണ്ട് കൊതുക് മറ്റൊരാളിലേക്ക് രോഗം പകർത്താൻ കഴിവുള്ളതുമാകുന്നു. പൂർണ്ണവളർച്ചയെത്തിയ വിരകൾ ലസികാവ്യൂഹത്തിൽ 10–15 വർഷം വരെ ജീവിക്കും. പക്ഷെ വിരകളുടെ പ്രത്യുൽപാദന കാലയളവ് 4–6 വർഷമാണ്.

## രോഗലക്ഷണങ്ങൾ

പ്രാരംഭഘട്ടത്തിൽ യാതൊരു രോഗലക്ഷണങ്ങളും കാണിക്കുന്നില്ല. എന്നാൽ രോഗാണു ബാധയേറ്റ് വർഷങ്ങൾക്ക് ശേഷം ലസികാവ്യൂഹത്തിന്റെ പ്രവർത്തനത്തെ തകരാറിലാക്കുകയും കൈകാലുകൾ വീക്കം (ലിംഫഡിമ) ഉണ്ടാവുകയും തുടർന്ന് എലഫന്റിയാസിസ് എന്ന ഘട്ടത്തിലെത്തുകയും ചെയ്യുന്നു. കൂടാതെ സ്തനവീക്കം, വൃഷ്ണവീക്കം (ഹൈഡ്രോസീൽ) എന്നിവയ്ക്കും കാരണമാകുന്നു. കൂടാതെ രോഗിക്ക് ഇടവിട്ട് മന്തുപനി ഉണ്ടാകുന്നു. കുളിര്, വിറയൽ, ശക്തമായ പനി, നീരുള്ളിടത്ത് ചുവന്ന തടിപ്പ്, വേദന, മനംപിരട്ടൽ, ഛർദ്ദി തുടങ്ങിയവ കാണപ്പെടുന്നു. വീക്കം ബാധിച്ച അവയവത്തിൽ ചർമ്മത്തിൽ ഉണ്ടാകുന്ന ചെറിയ പോറലുകൾ, മുറിവുകൾ, വളംകടി, പൂപ്പൽ മുതലായവയിലൂടെ ശരീരത്തിനകത്ത് കടക്കുന്ന ബാക്ടീരിയകൾ വഴിയാണ് മന്തുപനി ഉണ്ടാകുന്നത്.

## രോഗനിർണ്ണയം

രാത്രികാലങ്ങളിൽ ശേഖരിക്കുന്ന രക്ത സാമ്പിളുകൾ മൈക്രോസ്കോപ് പരിശോധന വഴി മൈക്രോഫൈലേറിയയുടെ സാന്നിദ്ധ്യം കണ്ടെത്താം. നീർവീക്കം വന്നു കഴിഞ്ഞാൽ രോഗനിർണ്ണയം ബുദ്ധിമുട്ടാണ്.

## ചികിത്സ

ഡി.ഇ.സി. (ഡൈ ഈഥൈൽ കാർബമസീൻ സിട്രേറ്റ്) ഗുളികകൾ മൈക്രോഫൈലേറിയ വിരകളെയും ആൽബൻഡസോൾ ഗുളിക പൂർണ്ണ വളർച്ചയെത്തിയ വിരകളെയും നശിപ്പിക്കുന്നു. വീക്കം വന്നു കഴിഞ്ഞാൽ പ്രത്യേക ചികിത്സയില്ല, പ്രധാന പ്രതിവിധി രോഗതുരത കുറയ്ക്കാൻ വീക്കം വന്ന ഭാഗങ്ങളുടെ ശരിയായ പരിചരണമാണ്. വൃഷണ വീക്കം ലഘു സർജറിയിലൂടെ പരിഹരിക്കാവുന്നതാണ്.



### നിയന്ത്രണ മാർഗ്ഗങ്ങൾ

- കൊതുകുകടി ഒഴിവാക്കുന്നതിലൂടെ രോഗം വരുന്നത് തടയാം
- ഉറങ്ങുമ്പോൾ കൊതുകുവല ഉപയോഗിക്കുക
- കൊതുകിനെ അകറ്റുന്ന ലേഖനങ്ങൾ, കൊതുകു തിരികൾ ഉപയോഗിക്കുക
- ശരീരം മൂടുന്ന തരത്തിലുള്ള വസ്ത്രം ധരിക്കുക
- അഴുക്കുചാലുകൾ, ഓടകൾ തുടങ്ങിയവയിൽ മലിനജലം കെട്ടിക്കിടക്കാതെ സൂക്ഷിക്കുക
- കൊതുകു വളരുന്ന സാഹചര്യമുള്ള രീതിയിൽ ജലസസ്യങ്ങൾ വളരുന്നത് ഒഴിവാക്കുക

ഹൃദയതാളം വീണ്ടെടുക്കാം

# മെഡിക്കൽ കോളേജിന്റെ കൈത്താങ്ങ്



കൊല്ലം: ഹൃദയത്തിന്റെ രണ്ടു അറയിലും ഒരേ സമയം ശസ്ത്രക്രിയ (ബൈ വെൻട്രികുലാർ പേസിങ്) നടത്തുന്ന അതിസങ്കീർണ്ണ ചികിത്സയായ കാർഡിയാക് റിസിംഗ്രണിസേഷൻ അതിവിജയകരമായി പൂർത്തിയാക്കി കൊല്ലം ഗവണ്മെന്റ് മെഡിക്കൽ കോളേജ്. ഹൃദയമിടിപ്പ് കുറഞ്ഞും രക്തം പമ്പിങ് കുറഞ്ഞും മരണത്തെ മുഖാമുഖം കാണുന്ന രോഗികളെ ജീവിതത്തിലേക്ക് തിരികെ നടത്തുന്ന ചികിത്സയായ ബൈ വെൻട്രികുലാർ പേസിങ് കഴിഞ്ഞ മൂന്നു മാസത്തിനിടെ മൂന്നെണ്ണമാണ് ഗവണ്മെന്റ് മെഡിക്കൽ കോളേജിൽ വിജയകരമായി പൂർത്തിയാക്കിയത്.

മുപ്പതിൽ താഴെ ഹൃദയ താളവുമായി അത്യാസന്ന നിലയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച അറുപത്തിനാലുകാരനാണ് ശസ്ത്രക്രിയയിലൂടെ ജീവിതത്തിലേക്ക് മടങ്ങി വന്നത്. പേസ്മേക്കർ ചെയ്യേണ്ട അവസ്ഥയായിരുന്നു എങ്കിലും ഹൃദയത്തിന്റെ പമ്പിങ് 30 ശതമാനത്തിൽ താഴെയായിരുന്നു. തുടർന്ന് നടത്തിയ ആൻജിയോഗ്രാമിൽ രക്തധമനികളിൽ ബ്ലോക്കില്ലെന്നു സ്ഥിരീകരിക്കുകയും, സാധാരണ പേസ്മേക്കർ കൊണ്ട് വിപരീത ഫലമുണ്ടാകാൻ സാധ്യതയുണ്ടെന്ന് വ്യക്തമായതോടെ ബൈ വെൻട്രികുലാർ പേസിങ് നടത്തുകയായിരുന്നു. സ്വകാര്യ ആശുപത്രികളി 4 ലക്ഷത്തോളം രൂപ ചെലവ് വരുന്ന ചികിത്സയാണു ഗവണ്മെന്റ് മെഡിക്കൽ കോളേജിൽ കാരുണ്യ ചികിത്സ പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യമായി ചെയ്തു നൽകിയത് സ്വകാര്യ ആശുപത്രികളിൽ പോലും അത്യപൂർവമായി നടക്കുന്ന ഈ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയ മെഡിക്കൽ കോളേജ് കാർഡിയോളജി വിഭാഗത്തെ മെഡിക്കൽ കോളേജ് സൂപ്രണ്ട്, പ്രിൻസിപ്പാൾ എന്നിവർ ചേർന്ന് അനുമോദിച്ചു.

# 'ഇന്റഗ്രേറ്റഡ് പബ്ലിക്ക് ഹെൽത്ത് ലാബ്' കോട്ടയത്തും



കോട്ടയം: നിപ്പാ, കോവിഡ് പോലുള്ള സംക്രമികരോഗങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ലെവൽ 2 തലങ്ങളിൽ നടക്കുന്ന ലബോറട്ടറി പരിശോധനകൾക്കായി കോട്ടയത്തെ ജനറൽ ആശുപത്രിയിൽ 'ഇന്റഗ്രേറ്റഡ് പബ്ലിക്ക് ഹെൽത്ത് ലാബ്' സംവിധാനം സജ്ജീകരിച്ചു. ഹബ് & സ്പോക്ക് (പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ നിന്നും റഫറൽ) രീതിയിൽ ലബോറട്ടറി പരിശോധനകൾ ഇവിടെ നടത്തുവാൻ സാധിക്കും എന്നുള്ളത് ഇതിന്റെ പ്രത്യേകതയാണ്. പി. എം. അഭിം പദ്ധതിയിലൂടെ 1.25 കോടി ചെലവഴിച്ചാണ് ലാബ് സജ്ജീകരിച്ചത് ഇതിൽ 96 ലക്ഷം രൂപ (9624785.00) കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കും ബാക്കി തുക അത്യാധുനിക ലാബ് ഉപകരണങ്ങൾ വാങ്ങിക്കുന്നതിനുമാണ് ചിലവഴിച്ചിരിക്കുന്നത്. ബയോകെമിസ്ട്രി, പതോളജി, മൈക്രോബയോളജി ഡിപ്പാർട്ട്മെന്റുകളിൽ നടക്കുന്ന ലബോറട്ടറി പരിശോധനകൾ ഇനി മുതൽ ഇവിടെ സാധ്യമാകും. ഇത്തരത്തിൽ ഉള്ള പരിശോധനകൾ പൊതുജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ചെയ്യാൻ സാധിക്കുന്നതാണ്.

IPH ലാബ് ടെസ്റ്റുകൾ ചെയ്യുമ്പോൾ ഉണ്ടാകുന്ന കണ്ടാമിനേഷൻ ഒഴിവാക്കുന്നതിനായി നെഗറ്റീവ് പ്രഷർ സംവിധാനത്തോട് കൂടിയാണ് ലാബ് സജ്ജീകരിച്ചിരിക്കുന്നത്. പരിശോധനകൾക്കായി എത്തുന്നവർക്ക് കാത്തിരിപ്പ് മുറി, രോഗി സൗഹൃദ ശുചിമുറി എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.




കോട്ടയം ആരോഗ്യ വകുപ്പ്, ആരോഗ്യകേരളം സംയുക്തമായി തയ്യാറാക്കിയ ശബരിമല തീർത്ഥാടകരുടെ ആരോഗ്യ പരിശോധന ഭാഷ സഹായി ആരോഗ്യവകുപ്പ് മന്ത്രി വീണ ജോർജ് ദേവസ്വം വകുപ്പ് മന്ത്രി വി എൻ വാസവന് നൽകി പ്രകാശനം ചെയ്യുന്നു.

# വീട്ടിൽ പ്രസവിച്ച യുവതിക്ക് രക്ഷയായി ആരോഗ്യവകുപ്പ്



കോട്ടയം: ആരോഗ്യവകുപ്പ് ജീവനക്കാരുടെ സമയോചിതമായ ഇടപെടൽ മൂലം 24–കാരിക്ക് അപകടസ്ഥിതി ഒഴിവായി. എരുമേലി സാമൂഹിക ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തന മേഖലയിൽ ആദിവാസി സമൂഹത്തിൽ ഉൾപ്പെടുന്ന സ്ത്രീ വീട്ടിൽ പ്രസവിക്കുകയായിരുന്നു. കുന്നിൻ മുകളിൽ നടന്നെത്താൻ വളരെ പ്രയാസമുള്ള വീട്ടിലായിരുന്നു യുവതി താമസിച്ചിരുന്നത്. രാവിലെ പ്രസവവേദന ഉണ്ടായ ഉടനെ സമീപവാസികൾ ആരോഗ്യവിഭാഗം ജീവനക്കാരെ വിവരം അറിയിച്ചു. ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ആരോഗ്യവകുപ്പ് ജീവനക്കാർ ഓടി എത്തി. എന്നാൽ ഈ സമയം യുവതി വീട്ടിൽ പ്രസവിച്ചിരുന്നു.

തുടർന്ന് പബ്ലിക്ക് ഹെൽത്ത് നേഴ്സുമാരുടെ നേതൃത്വത്തിൽ അടിയന്തിര ശുശ്രൂഷകൾ നൽകി. പാലിയേറ്റീവ് വാഹനം വീടിന്റെ മുറ്റത്ത് എത്താൻ സൗകര്യം ഇല്ലാതിരുന്നത് ബുദ്ധിമുട്ടുണ്ടാക്കി. എങ്കിലും നാട്ടുകാരും ആരോഗ്യപ്രവർത്തകരും പ്രയാസങ്ങൾ സഹിച്ച് യുവതിയെ വാഹനത്തിൽ എത്തിച്ചു. രക്തസ്രാവം ഉണ്ടായതുകൊണ്ട് വളരെ അടിയന്തിരമായി അമ്മയെയും കുഞ്ഞിനെയും കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ എത്തിച്ചു.

# ആരോഗ്യമുറപ്പാക്കാൻ പോഷകാഹാരപ്രദർശനവും ബോധവത്ക്കരണവും



പോഷകാഹാര വാരത്തോടനുബന്ധിച്ച് പാലക്കാട് സിവിൽ സ്റ്റേഷനിലെ ജീവനക്കാർക്കായി സംഘടിപ്പിച്ച എക്സിബിഷൻ

പാലക്കാട്: പോഷകാഹാര വാരത്തോടനുബന്ധിച്ച് പാലക്കാട് സിവിൽ സ്റ്റേഷനിലെ ജീവനക്കാർക്കായി എക്സിബിഷനും ബോധവത്ക്കരണ ക്ലാസും സംഘടിപ്പിച്ചു. ജില്ലയിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലെ ഡയറ്റീഷ്യൻമാരുടെ നേതൃത്വത്തിൽ സമീകൃത ആഹാരക്രമം, പ്രമേഹ രോഗികൾക്കും അമിതവണ്ണം ഉള്ളവർക്കും പോഷകാഹാര കുറവുള്ളവർക്കുമുള്ള ഭക്ഷണക്രമം എന്നിങ്ങനെയാണ് പ്രദർശനം സംഘടിപ്പിച്ചത്.

അമിതമായ കൊഴുപ്പടങ്ങിയതും കൃത്രിമ ചേരുവകൾ ഉള്ളവയുമായ ആഹാരങ്ങളുടെ അമിത ഉപയോഗവും ഭക്ഷണക്രമത്തിലെ അവശ്യ പോഷകങ്ങളുടെ അപര്യാപ്തതയും വ്യായാമ കുറവും ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളും പ്രതിപാദിക്കുന്ന ബോധവത്ക്കരണ സന്ദേശങ്ങളും എക്സിബിഷന്റെ ഭാഗമായി പ്രദർശിപ്പിച്ചു.

ശരീരത്തിന്റെ മെറ്റബോളിസം വർദ്ധിപ്പിക്കുന്നതിനും രോഗ പ്രതിരോധശേഷപ്പെടുത്തുന്നതിനും ഭക്ഷണക്രമത്തിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ട ഇനങ്ങളും ദൈനംദിന ജീവിതത്തിൽ ഒഴിവാക്കേണ്ട ഭക്ഷണ വസ്തുക്കളും പ്രദർശനത്തിന്റെ ഭാഗമായി സജ്ജീകരിച്ചു. ഇത് സംബന്ധിച്ച് ഡയറ്റീഷ്യൻമാരായ രാജി, അസ്ന ഷെറിൻ എന്നിവർ സിവിൽ സ്റ്റേഷൻ ജീവനക്കാർക്കായി ബോധവത്ക്കരണ ക്ലാസും നയിച്ചു. പരിപാടി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എം. മണികണ്ഠൻ ഉദ്ഘാടനം ചെയ്തു. എൻ സി ഡി നോഡൽ ഓഫീസർ ഡോ.കാവ്യ കരുണാകരൻ അധ്യക്ഷയായി.


## പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**ഡോ. വിനയ് ഗോയൽ ഐ.എ.എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.എം

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൾട്ടന്റ്, ബി.സി.സി

മാനേജിംഗ് എഡിറ്റർ
**ഡോണ തോമസ്**
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അസോ. എഡിറ്റർ
**ടി സ്മൃതി ലക്ഷ്മി**
കൺസൾട്ടന്റ്, സ്റ്റേറ്റ് മിഷൻ ഓഫീസ്

**കെ കെ ഷൈജിൽ**
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ

**ജിജിൽ മാത്യു**
കൺസൾട്ടന്റ് (ഡി സി), ഇടുക്കി

**ഡാനി പ്രിയൻ**
കൺസൾട്ടന്റ് (ഡി സി), തൃശ്ശൂർ

**ദിവ്യ ചേലാട്ട്**
കൺസൾട്ടന്റ് (ഡി സി), കോഴിക്കോട്

**വിനു എ**
കൺസൾട്ടന്റ് (ഡി സി), എറണാകുളം

**വിനീഷ് സി ആർ**
കൺസൾട്ടന്റ് (ഡി സി), കോട്ടയം

**ആഗ്നൽ ജോസഫ്**
കൺസൾട്ടന്റ് (ഡി സി), ആലപ്പുഴ

**വർഷ ജയപ്രകാശ്**
ജെ.സി (ഡി&സി), തിരുവനന്തപുരം

**പ്രീത എം**
ജെ.സി (ഡി&സി), പാലക്കാട്

**ദിവ്യ ഇ ആർ**
ജെ.സി (ഡി&സി), മലപ്പുറം

**ബിൻസി രവീന്ദ്രൻ**
ജെ.സി (ഡി&സി), കണ്ണൂർ

**കമൽ കെ ജോസഫ്**
ജെ.സി (ഡി&സി), കാസറഗോഡ്

**നിജിൽ കെ എസ്**
ജെ.സി (ഡി&സി), വയനാട്

**അജിത് കുമാർ പി എ**
ജെ.സി (ഡി&സി), പത്തനംതിട്ട

**അശ്വിനി രവീന്ദ്രൻ**
ജെ.സി (ഡി&സി), കൊല്ലം

**ശ്രീദേവി കെ എസ്**
ക്ലർക്ക് & ഡി.ഇ.ഒ, സ്റ്റേറ്റ് മിഷൻ ഓഫീസ്


മുട്ട് തേയ്മാനമുള്ളവർക്ക് ആശ്വസിക്കാം

# മുട്ടുമാറ്റിവെക്കൽ ശസ്ത്രക്രിയ വിജയകരം



വൈത്തിരി സ്വദേശിയായ 64 –കാരനിൽ താലൂക്ക് ആശുപത്രിയിൽ മുട്ടു മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നു

കൽപ്പറ്റ: മുട്ട് തേയ്മാനത്തിനുള്ള ശാശ്വത ചികിത്സയായ മുട്ടുമാറ്റിവെക്കൽ ശസ്ത്രക്രിയ വൈത്തിരി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ വിജയകരമായി പൂർത്തിയാക്കി. ഏറെ നാളായി മുട്ടുവേദന കൊണ്ട് ദുരിതമനുഭവിക്കുന്ന വൈത്തിരി സ്വദേശിയായ 64കാരനിലാണ് ശസ്ത്രക്രിയ നടത്തിയത്. എല്ല് തേയ്മാനത്തിന്റെ ആദ്യ ഘട്ടങ്ങളിൽ മുട്ടുവേദന ശസ്ത്രക്രിയ കൂടാതെ ഫലപ്രദമായി ചികിത്സിക്കാനുള്ള പ്ലേറ്റ്ലറ്റ് റിച്ച് പ്ലാസ്മ (പി.ആർ.പി) തെറാപ്പിയും വൈത്തിരി താലൂക്ക് ആശുപത്രിയിൽ പുതുതായി തുടങ്ങിയിട്ടുണ്ട്. സംസ്ഥാനത്തെ ചുരുക്കം സർക്കാർ ആശുപത്രികളിൽ മാത്രമാണ് നിലവിൽ പി.ആർ.പി ചികിത്സ ലഭ്യമായിട്ടുള്ളത്. സ്വകാര്യ മേഖലയിൽ ഭാരിച്ച ചിലവ് വരുന്ന ചികിത്സകളാണ് കുറഞ്ഞ നിരക്കിൽ ഇവിടെ ചെയ്യുന്നത്. അസ്ഥിരോഗ വിഭാഗം ഡോക്ടർമാരായ കെ. രാജഗോപാലൻ, നിഖിൽ നാരായണൻ, ഐവിൻ, അനസ്തേഷ്യ വിഭാഗം ഡോക്ടർമാരായ സക്കീർ ഹുസൈൻ, സ്വാതി സുദൻ, തിയേറ്റർ ഇൻ ചാർജ് റംല, നഴ്സിംഗ് ഓഫീസർ മിനു ദേവസ്യ, ഒ.ടി ടെക്നീഷ്യൻ അഞ്ജലി, അഭിജിത്ത്, നഴ്സിംഗ് അസിസ്റ്റന്റ് സന്തോഷ്, ബിന്ദു എന്നിവരടങ്ങുന്ന ടീമാണ് മുട്ടുമാറ്റിവെക്കൽ ശസ്ത്രക്രിയക്ക് നേതൃത്വം നൽകിയത്. അഡ്വ. ടി. സിദ്ധീഖ് എം.എൽ.എ ആശുപത്രിയിൽ നേരിട്ടെത്തി ഈ സംഘത്തെ അഭിനന്ദിച്ചു. പുതിയ നേതൃത്വത്തിന് കീഴിൽ ആശുപത്രി സംസ്ഥാനത്തിന് തന്നെ മാതൃകയാവുന്ന രീതിയിൽ ഓരോ ദിവസവും വികസിക്കുന്നതിലുള്ള സംതൃപ്തി അദ്ദേഹം രേഖപ്പെടുത്തി. അനുമോദന യോഗത്തിൽ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചന്ദ്രിക കൃഷ്ണൻ, വൈസ് പ്രസിഡന്റ് കെ.കെ അസ്മ, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ജഷീർ പള്ളിവയൽ, അയിഷാബി, ഫൗസിയ, ബ്ലോക്ക്മെമ്പർമാരായ ഉഷാകുമാരി, എ സി, എച്ച്.എം.സി മെമ്പർമാരായ വർഗീസ്, ചിത്രകുമാർ, നാസർ, ഡി.എം.ഒ ഡോ. ദിനീഷ്, ഡി.പി.എം ഡോ. സമീഹ സൈതലവി, ആശുപത്രി സൂപ്രണ്ട് ഡോ. ഷിജിൻ ജോൺ ആളൂർ, ജീവനക്കാർ, പൊതുജനങ്ങൾ എന്നിവർ സംബന്ധിച്ചു.

200 പേർക്ക് പരിശീലനം പൂർത്തിയാക്കി

# ആരോഗ്യ സേവനങ്ങളുമായി കുട്ടി ഡോക്ടർമാർ

**പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികളെ 'കുട്ടി ഡോക്ടർമാർ' എന്ന് അഭിസംബോധന ചെയ്യും**



കോഴിക്കോട്: സ്കൂൾ വിദ്യാർഥികൾക്ക് ആരോഗ്യ സന്ദേശങ്ങൾ എത്തിക്കുക വിദ്യാലയങ്ങളിൽ ആരോഗ്യ സംബന്ധിയായ വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിക്കുക. കൗൺസിലിംഗ് ആവശ്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി ആരോഗ്യ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുക തുടങ്ങിയ സേവനങ്ങളുമായി ഇനി 'കുട്ടി ഡോക്ടർമാർ'. ആരോഗ്യവകുപ്പ് വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന എല്ലാ പ്രവർത്തനങ്ങളിൽ കുട്ടി ഡോക്ടർമാർ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ മികച്ച രീതിയിൽ സഹകരിച്ചു വരുന്നു. പ്രത്യേകിച്ചും ലഹരി വിമുക്ത ക്യാമ്പയിനായ 'ഉയരെ' പരിപാടികളിൽ നടപ്പിലാക്കുന്നതിൽ കുട്ടി ഡോക്ടർമാർ മികച്ച രീതിയിൽ സഹകരിക്കുന്നു. കൗൺസിലിംഗ് ആവശ്യമുള്ള കുട്ടികളെ റഫർ ചെയ്യുകയും ബോധവത്കരണ പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു. കുട്ടികളുടെ മാനസികവും വൈകാരികവുമായ ക്ഷേമം, ലൈംഗികാരോഗ്യം, ലഹരി വസ്തുക്കളുടെ ദുരുപയോഗം, ആരോഗ്യകരമായ ജീവിതശൈലി, പോഷകാഹാരത്തിന്റെ പ്രാധാന്യം, അക്രമരഹിത ജീവിതം, സാമൂഹ്യ മാധ്യമങ്ങളുടെ ദുരുപയോഗം എന്നീ മേഖലകളിലാണ് കുട്ടി ഡോക്ടർമാരുടെ പ്രവർത്തന മേഖല സേവനങ്ങൾ.

200 പേർ ജില്ലയിൽ പരിശീലനം പൂർത്തിയാക്കി. 8, 9 ക്ലാസിലെ വിദ്യാർത്ഥികളെയാണ് ഇതിനായി തിരഞ്ഞെടുക്കുന്നത്. ഇത്തരം സേവനങ്ങൾ നൽകുന്നതിന് മുമ്പ് വിദ്യാർത്ഥികൾക്ക് 7 കാതലായ (റയിൻബോ) വിഷയങ്ങളിൽ ഊന്നൽ നൽകിയാണ് പരിശീലനം നൽകുന്നത്. രാഷ്ട്രീയ കിശോരി സ്വാസ്ഥ്യ കാര്യക്രം പരിപാടിയിലെ മാസ്റ്റർ പരിശീലകരാണ് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നത്.

ജില്ലയിൽ കോഴിക്കോട് കോർപ്പറേഷൻ, വളയം, താമരശ്ശേരി,ചെറുവണ്ണൂർ, തലക്കുളത്തൂർ ആരോഗ്യ കേന്ദ്രങ്ങളിൽ നടന്ന ആറു ദിവസത്തെ പരിശീലനത്തിൽ 200 വിദ്യാർഥികൾ പങ്കെടുത്തു.

5 ബ്ലോക്കുകളിൽ നിന്നും 8,9 ക്ലാസുകളിലെ 40 വിദ്യാർത്ഥികൾ വീതമാണ് പരിശീലനത്തിൽ പങ്കെടുത്തത്.